# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

**St. Xavier's UPS Velur**

# ആമുഖം

പൊതുവിദ്യാഭ്യാസ - സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ പ്രധാനലക്ഷ്യം ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ലപഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാത മാകുന്നു.

1903ൽ ബഹു. തലക്കോട്ടൂർ കത്തനാരാണ് (വേലൂർ പള്ളി വികാരി) സെന്റ്. സേവിയേഴ്സ്, യു. പി. സ്കൂളിന് ആരംഭം കുറിച്ചത്. ഒരു നൂറ്റാണ്ടിലേറെ പിന്നിട്ട പാരമ്പര്യവുമായി 'അറിവാണ് ആയുധം' എന്ന തിരിച്ചറിവിൽ വർണ ലിംഗഭേദമില്ലാതെ വേലൂരിന്റെ പതിനായിരങ്ങൾക്ക് അറിവിന്റെ അക്ഷരമന്ത്രം ഓതിക്കൊടുത്തുവരുന്നു.

വിദ്യാലയത്തിന്റെ യശസ്സ് എല്ലാ മേഖലകളിലും ഉയർത്തിപ്പിടിക്കുവാൻ അധ്യാപകരും വിദ്യാർത്ഥികളും പ്രത്യേകം ശ്രദ്ധപുലർത്തുന്നു. Monthly Quiz, newspaper quiz എന്നിവ കുട്ടികളെ വിജ്ഞാനമേഖലയിൽ മികവുപുലർത്താൻ സഹായിക്കുന്നു. കഴിഞ്ഞവർഷം നടന്ന LSS-USS പരീക്ഷയിൽ നമ്മുടെ വിദ്യാലയത്തിന് മികവാർന്ന വിജയം കരസ്ഥ മാക്കാൻ സാധിച്ചു എന്നത് അഭിമാനർഹമാണ്.

# ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് പുറമെ കലാ-കായിക പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായ ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- സുസ്ഥിരവികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം) എന്നിവ വിദ്യാർത്ഥി സൗഹൃദയപരമായി രൂപകല്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.
- ക്ലാസ് പിടിഎ എല്ലാമാസവും സംഘടിപ്പിക്കും.
- ലിംഗസമത്വം ഉറപ്പുവരുത്തും.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
- പാർശ്വവത്ക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യും.
- അക്ഷര ക്ലാസുകൾ സംഘടിപ്പിക്കുന്നു.
- കുട്ടികളുടെ സർഗപരവും അക്കാദമികപരവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് നേട്ടങ്ങൾ കൈവരിക്കും.
- സ്പോർട്സ് - പ്രത്യേക പരിശീലനം നല്കും.
- LSS - USS - Sanskrit Scholarhipകൾ

# Monthly Master Plan June

| മേഖല (ലക്ഷ്യം) | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മകത യുടെ വളർച്ച | **പ്രവേശനോത്സവം - ജൂൺ 3**<br>* നവാഗതരെ സ്വീകരിക്കൽ<br>* പഠനകിറ്റ് വിതരണം<br>* പ്രവേശനോത്സവഗാനം - നൃത്തരൂപത്തിൽ അവതരണം | ജൂൺ 3<br>(മെയ് 28 - മെയ്31) | HM in charge<br>5 ലെ അധ്യാപകർ | പിടിഎ |
| വായന<br>സ്വതന്ത്രവായന<br>ആരോഗ്യ പരിപാലനം | **പരിസ്ഥിതി ദിനം - ജൂൺ 5**<br>* പോസ്റ്റർ മത്സരം<br>* വീട്ടിലൊരു തൈ നടാം<br>* വീടും സ്കൂളും പരിസരവും ശുചിയാക്കൽ<br>* മരം ഒരു വരം - ഉപന്യാസം<br>* ക്വിസ്<br>* റാലി | ജൂൺ 5-8 | 5 ലെ അധ്യാപകർ<br>പിടിഎ<br>എക്കോ ക്ലബ് | പിടിഎ |

# Monthly Master Plan June

| മേഖല (ലക്ഷ്യം) | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന<br>ലേഖനം<br><br>സർഗാത്കത<br>സാമൂഹിക<br>പങ്കാളിത്തം | **വായനമാസാചരണം**<br>* വായനദിനക്വിസ്<br>* വായന മത്സം (Std 1 -7)<br>ക്ലാസ്തലം, സ്കൂൾ തലം<br>* വായനദിന പോസ്റ്റർ<br>* Good handwriting student<br>* Good handwriting Mother<br>* അമ്മ വായന | ജൂൺ 18 –<br>ജൂലൈ 18 | 5 ലെ<br>അധ്യാപകർ | |
| | **യോഗദിനം – ജൂൺ 21**<br>* സംവാദനം<br>* യോഗാഭ്യാസം | ജൂൺ 23 | യോഗ സർ<br>ചാർജുള്ള<br>അധ്യാപിക | |
| | **പുകയില വിരുദ്ധദിനം – ജൂൺ 26**<br>* പോസ്റ്റർ മത്സരം<br>* റാലി<br>* സെമിനാർ<br>* ഡോക്യുമെന്ററിഷോ | 2 ദിവസം | 5 ലെ<br>അധ്യാപകർ<br>ആരോഗ്യ<br>വകുപ്പ്<br>Health Club | |

# Monthly Master Plan July

| മേഖല (ലക്ഷ്യം) | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന<br>ലേഖനം<br>സർഗാത്മകത | **ബഷീർദിനം - ജൂലായ് 5**<br>* ബഷീർദിന ക്വിസ്<br>* പ്രച്ഛന്നവേഷ മത്സരം<br>* ബഷീർകൃതികളുടെ ആസ്വാദന കുറിപ്പ്<br>* പുസ്തകപ്രദർശനം | ജൂലായ് - 7, 8 | 4 ലെ അധ്യാപകർ | പിടിഎ |
| ലേഖനം<br>സർഗാത്മകത | **ജനസംഖ്യാദിനം - ജൂലായ് 11**<br>* പോസ്റ്റർ മത്സരം<br>* ഉപന്യാസ മത്സരം<br>(ജനസംഖ്യ വർദ്ധനവും സുസ്ഥിര വികസനവും) | ജൂലായ് -11 | 4 ലെ അധ്യാപകർ | പിടിഎ |
| പൊതുവിജ്ഞാനം<br>വർദ്ധിപ്പിക്കുക | **മലാലദിനം - ജൂലായ് 12**<br>* മലാലയെകുറിച്ച് പ്രസംഗം | ജൂലായ് - 14 | 4 ലെ അധ്യാപകർ | പിടിഎ |
| വായന<br>സർഗാത്മകത<br>ലേഖനം | **ചാന്ദ്രദിനം - ജൂലായ് 21**<br>* ചാന്ദ്രദിന ക്വിസ്<br>* ഡോക്യുമെന്ററി<br>* പോസ്റ്റർ മത്സരം<br>* ഉപന്യാസ മത്സരം | ജൂലായ് - 21, 22 | 4 ലെ അധ്യാപകർ | പിടിഎ |

# Monthly Master Plan August

| മേഖല (ലക്ഷ്യം) | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആസ്വാദനം | **ഹിരോഷിമ ദിനം – ആഗസ്റ്റ് 5**<br>* ഓഡിയോ കേൾപ്പിക്കൽ | ആഗസ്റ്റ് – 6 | 3 ലെ അധ്യാപകർ | പിടിഎ |
| സർഗാത്മകത | **ലോകസംസ്കൃതദിനം – ആഗസ്റ്റ് 7**<br>* ക്വിസ് മത്സരം<br>* ഗാനാലാപന മത്സരം<br>* പദ്യം ചൊല്ലൽ | ആഗസ്റ്റ് – 7 | പ്രിൻസി ടി. എഫ്. | പിടിഎ |
| ലേഖനം | **നാഗസാക്കി ദിനം – ആഗസ്റ്റ് 9**<br>* പോസ്റ്റർ മത്സരം | ആഗസ്റ്റ് – 11 | 3ലെ അധ്യാപകർ | പിടിഎ |
| സാമൂഹിക പങ്കാളിത്തം | **സ്വാതന്ത്ര്യദിനം – ആഗസ്റ്റ് 15**<br>* പ്രസംഗ മത്സരം<br>* ക്വിസ് മത്സരം<br>* പ്രച്ഛന്നവേഷ മത്സരം<br>* ദേശഭക്തിഗാന മത്സരം<br>* പതാക നിർമ്മാണ മത്സരം | ആഗസ്റ്റ് – 11–15 | 3 ലെ അധ്യാപകർ | പിടിഎ |

# Monthly Master Plan September

| മേഖല (ലക്ഷ്യം) | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഡോ. എസ്. രാധാകൃഷ്ണന്റെ ജന്മദിനം, പ്രവർത്തനങ്ങൾ ഓർമ്മപ്പെടുത്തൽ അധ്യാപകരെ ആദരിക്കൽ | **അധ്യാപകദിനാചരണം**<br>* ആശംസകാർഡ് തയ്യാറാക്കൽ<br>* അധ്യാപകർക്കായി - തിരിതെളിയിക്കൽ മത്സരം<br>* അസംബ്ലി - ഡോ. രാധാകൃഷ്ണന്റെ ലേഖനം വായിക്കൽ/പ്രച്ഛന്നവേഷം<br>* സ്കൂളിലെ അധ്യാപകരെ ആദരിക്കൽ<br>* ഓണാഘോഷം | സെപ്തംബർ -2 | 2 ലെ അധ്യാപകർ | പിടിഎ |
| ഹിന്ദി ഭാഷയുമായി കൂടുതൽ താൽപര്യം വായന | **ഹിന്ദി ദിനാചരണം**<br>* കവിതാലാപനം<br>* വായന<br>* Handwriting Competition | സെപ്തംബർ-23 | ഹിന്ദി അധ്യാപിക ശ്രീമതി ഡെയ്സി | |

# Monthly Master Plan October

| മേഖല (ലക്ഷ്യം) | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മകത | **<u>ലോക വയോജനദിനം</u>**<br>* ആശംസകാർഡ് നിർമ്മാണം<br>* ലോക വയോജന ദിനത്തിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള അവതരണം | ഒക്ടോബർ-3 | 1 ലെ അധ്യാപകർ | |
| ലേഖനം<br>വായന<br>സാമൂഹിക | **<u>ഗാന്ധി ജയന്തി</u>**<br>* പ്രച്ഛന്ന വേഷം<br>* ഗാന്ധി ക്വിസ്<br>* സ്കിറ്റ്<br>* പ്രസംഗ മത്സരം<br>* ഗാന്ധി പതിപ്പ്<br>* സേവന വാരം (സ്കൂളും പരിസരവും) | 2 days<br>ഒക്ടോബർ 1-8 | 1 ലെ അധ്യാപകർ | |
| പങ്കാളിത്തം | **<u>ഭക്ഷ്യദിനം</u>**<br>* ഭക്ഷ്യമേള<br>* പോസ്റ്റർ മത്സരം<br>* ബോധവത്കരണ ക്ലാസ് | ഒക്ടോബർ 16,17<br>2 days | 1 ലെ അധ്യാപകർ | |
| | **<u>ഐക്യരാഷ്ട്ര ദിനം</u>**<br>* ക്വിസ്<br>* ഐക്യരാഷ്ട്ര സംഘടനയെ കുറിച്ച് അവതരണം | ഒക്ടോബർ - 24 | 1 ലെ അധ്യാപകർ | |

# Monthly Master Plan November

| മേഖല (ലക്ഷ്യം) | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മകത<br>ലേഖനം<br>വായന | **കേരളപ്പിറവി - നവംബർ 1**<br>* കവിത<br>* പോസ്റ്റർ നിർമ്മാണം<br>* Map drawig Kerala<br>* ചിത്രരചന<br>* കവിത രചന<br>* കഥാരചന<br>* ക്വിസ് | നവംബർ-3 | 7 ലെ അധ്യാപകർ | പിടിഎ |
| | **ദേശീയവിദ്യാഭ്യാസ ദിനം** | നവംബർ - 11 | 7 ലെ അധ്യാപകർ | |
| സാമൂഹിക പങ്കാളിത്തം | **ശിശുദിനം**<br>* പ്രസംഗം<br>* നവകേരള നിർമിതി<br>* ചിത്രരചന<br>* പ്രസംഗം<br>* തൊപ്പി നിർമ്മാണം<br>* ചാച്ചാജി വേഷം<br>* പുഞ്ചിരി മത്സരം<br>* രചന | നവംബർ - 14 | 7 ലെ അധ്യാപകർ | പിടിഎ |

# Monthly Master Plan December

| മേഖല (ലക്ഷ്യം) | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മകത | **ഭിന്നശേഷി ദിനം**<br>* പോസ്റ്റർ നിർമ്മാണം<br>* ഭിന്നശേഷിക്കാർക്കുള്ള കലാപ്രകടനങ്ങൾ (നൃത്തം) | ഡിസംബർ - 3 | 6 ലെ അധ്യാപകർ | പിടിഎ |
| ലേഖനം<br>ആശയാവിഷ്കാരം<br>വായന<br>ആരോഗ്യ<br>പരിപാലനം | **മണ്ണ്ദിനം**<br>* വിവിധതരം മണ്ണ് ശേഖരണം,<br>* ചിത്രപ്രദർശനം<br>* ബാഡ്ജ് നിർമ്മാണം (മനുഷ്യാവകാശ ദിനം)<br>* ക്വിസ്<br>* ബോധവൽക്കരണ ക്ലാസ് (എയ്ഡ് ദിനം) | ഡിസംബർ<br>1, 10 | 6 ലെ അധ്യാപകർ | പിടിഎ |
| സാമൂഹിക<br>പങ്കാളിത്തം<br>ലേഖനം<br>സർഗാത്മകത | * കരോൾ ഗാനമത്സരം<br>* നക്ഷത്ര നിർമ്മാണം<br>* പാപ്പ മത്സരം<br>* ക്രിസ്തുമസ് ആഘോഷം<br>* എയ്ഞ്ചൽ മത്സരം<br>* കാർഡുനിർമ്മാണം | ഡിസംബർ<br>8–12 | 6 ലെ അധ്യാപകർ | പിടിഎ |

# Monthly Master Plan January

| മേഖല (ലക്ഷ്യം) | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | **പുതുവത്സരം - ജനുവരി 1** | ജനുവരി - 1 | 4, 5 ലെ അധ്യാപകർ | പിടിഎ |
| ലേഖനം | **ലോക ഹിന്ദി ദിനം - ജനുവരി 10**<br>* ഹിന്ദി മാഗസിൻ തയ്യാറാക്കുന്നു.<br>* പ്രസംഗം മത്സരം | ജനുവരി - 3<br>ജനുവരി - 12 | ഡെയ്സി ടീച്ചർ<br>4, 5 ലെ അധ്യാപകർ | |
| സർഗാത്മകത | **റിപ്പബ്ലിക് ദിനം - ജനുവരി 26**<br>* ക്വിസ് മത്സരം<br>* ദേശീയപതാക വര മത്സരം<br>* ദേശഭക്തിഗാന മത്സരം<br>* വീഡിയോയിലൂടെ ദേശീയ നേതാക്കളെ പരിചയപ്പെടുത്തുന്നു.<br>* പ്രച്ഛന്നവേഷ മത്സരം | ജനുവരി - 23 | 4, 5 - ലെ അധ്യാപകർ | |
| സാമൂഹിക പങ്കാളിത്തം | **രക്തസാക്ഷി ദിനം - ജനുവരി 30** | | 4, 5 - ലെ അധ്യാപകർ | |

## Monthly Master Plan February

| മേഖല (ലക്ഷ്യം) | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്വതന്ത്ര വായന<br><br><br>ലേഖനം<br>സർഗാത്മകത<br>വായന | **ദേശീയശാസ്ത്ര ദിനം – ഫെബ്രുവരി 28**<br>* ശാസ്ത്രജ്ഞരെ പരിചയപ്പെടൽ<br>**പഠനോത്സവം**<br>* മികച്ച ക്ലാസ്റൂം പ്രവർത്തനങ്ങൾ<br>* പരീക്ഷണങ്ങൾ<br>* പഠനോപകരണ പ്രദർശനം | ഫെബ്രുവരി അവസാനത്തെ ആഴ്ച | 2,3 ലെ അധ്യാപകർ | പിടിഎ |

## Monthly Master Plan March

| | | | | |
|---|---|---|---|---|
| | * ലോക വനദിനം – മാർച്ച് 21<br>* ലോക ജലദിനം – മാർച്ച് 22<br>* വാർഷിക പരീക്ഷ | | 1, 7 ലെ അധ്യാപകർ | |

## മേഖല - യു. പി. - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | 2 മാസം, (ആഗസ്റ്റ്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി. ടി. എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീക്കരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദകരമായ വായന<br>14. ഇ-വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി. ടി. എ, അധ്യാപകർ |

## മേഖല - യു. പി. - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തഗത രചന, സംഘരചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്രഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടകൾ, പുസ്കങ്ങൾ | പി. ടി. എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കോൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക | 6 മാസം (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രൈയിനർ, അധ്യാപകർ |

## മേഖല - യു. പി. - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) 5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചെടുക്കുക | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠ പ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡി യിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന: തെറ്റു കൂടാതെ ഹിന്ദി വായിക്കുവാ നുള്ള ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയി ലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവു ണ്ടാക്കി എടുക്കും നിത്യജീവിത ത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗി ക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br><br>വായനയ്ക്ക്...<br>ഹിന്ദി തെറ്റിച്ച അധ്യാപകൻ വായിക്കും. കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായ തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

## മേഖല - യു. പി. - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനു അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | Lend Your Ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News - ഇംഗ്ലീഷ് റേഡിയോ, വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man - അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Trasure Hunt - വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |
| പുതിയ വാക്കുകൾ പരിചയപ്പെടൽ അവസരം ഒരുക്കുന്നു. | Language Game - കുട്ടികളെ രണ്ടു ഗ്രൂപ്പുകളായി തിരിച്ച് ഓരോ വാക്കുകൾ ഓരോ ഗ്രൂപ്പിനും അനുവദിച്ച സ്ഥലത്ത് എഴുതുന്നു. ഒരു വാക്കിന്റെ അവസാനത്തെ അക്ഷരം ഉപയോഗിച്ച് വേണം അടുത്തവാക്ക് എഴുതുവാൻ നിശ്ചിത സമയത്തിനുള്ളിൽ കൂടുതൽ വാക്ക് എഴുതുന്ന ഗ്രൂപ്പായിരിക്കും വിജയികൾ | മാസംതോറും | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല - യു. പി. - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| | Meet the Foreigner - തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | One Man Show - ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can!! - വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder - പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കുവാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F. M. Corner - വ്യത്യസ്തമായ കഥകൾ Reader's Theatre - റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month - ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month - നെ ആദരിക്കുന്നു. | മാസംതോറും | ഇംഗ്ലീഷ് അധ്യാപകർ | |
| To improve reading fluency and comprehension | Paired Reading - വായിക്കാനറിയുന്ന ഒരു കുട്ടിയേയും, ഭിന്നശേഷിയുള്ള ഒരു കുട്ടിയേയും ഒരുമിച്ചു നിറുത്തി വായിക്കാനറിയുന്ന കുട്ടിയുടെ സഹായത്തോടെ ഭിന്നശേഷിയുള്ള കുട്ടിയെ വായിപ്പിക്കാൻ ശ്രമിക്കുന്നു. | മാസംതോറും | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല - യു. പി. - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 3) തെറ്റ് കൂടാകെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | **Meet the Foreigner** - കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | **Alert Zone** - സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Run Baby Run** - ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| | **Fun time Funda** - കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകർ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | **The Grand Camp** - ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5, 6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br><br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br><br>ആറിന് Role play - നാടകം എന്നിവ പ്രച്ഛന്നവേഷമായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ. ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി/ ഫിലിം ഷോ. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി. ടി.എ. ഭാരവാഹികൾ രക്ഷിതാക്കൾ | |

**സംസ്കൃതം**
**അക്കാദമിക് മാസ്റ്റർ പ്ലാൻ**
**ക്ലാസ്സ് - 5, 6, 7**

| **മേഖല (ലക്ഷ്യം)** | **പ്രവർത്തനങ്ങൾ** | **കാലാവധി** | **ഭൗതീകം** | **പിന്തുണ** |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>യു. പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | **1. ഭാഷജ്ഞാനം**<br>* അക്ഷരം എഴുത്ത്<br>* ചിഹ്നം ഉറപ്പിക്കൽ<br>* അക്ഷരകാർഡ്<br>* വാക്കുകൾ എഴുതിയ കാർഡ്<br>* ക്ലാസിൽ അക്ഷരമാല പ്രദർശനം<br>* അക്ഷരമാല കളികൾ<br>* അക്ഷരമരം നിർമ്മിക്കൽ<br>* കാർട്ടൂൺ പ്രദർശനം<br>* പാട്ടുകളും കഥകളും കേൾപ്പിക്കുക | ജൂൺ - ഓഗസ്റ്റ് | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br><br>ICT | പിടിഎ<br><br>റിസോഴ്സ്<br>അധ്യാപിക |
| | 2. പറയാം പഠിക്കാം<br>* ചിത്രകഥകൾ<br>* ലഘു സംഭാഷണങ്ങൾ<br>നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ - ജൂലൈ | സംസ്കൃത കഥാപുസ്തകം<br><br>ICT | |

| മേഖല (ലക്ഷ്യം) | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതീകം | പിന്തുണ |
|---|---|---|---|---|
| **2. വീട് ഒരു പരീക്ഷണശാല**<br><br>കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക | * വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br><br>* ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്തംബർ - ഒക്ടോബർ | സംസ്കൃതം നിഘണ്ടു | റിസോഴ്സ് അധ്യാപിക |
| **3. വായനാലോകം**<br><br>കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | * തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക<br>* ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക<br>* വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക<br>* കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക | 6 മാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |
| **4. കരിക്കുലം ലക്ഷ്യംവയ്ക്കുന്ന സംസ്കൃതഭാഷാ പഠനനേട്ടങ്ങൾ** | * ക്ലബ്ബ് രൂപീകരണം<br>* പഠനോപകരണ നിർമ്മാണം<br>* കലണ്ടർ നിർമ്മാണം<br>* ഗൃഹ സന്ദർശനം<br>* പഠനയാത്ര | ജൂൺ - മാർച്ച് | ചാർട്ട് ചിത്രം | റിസോൾസ് അദ്ധ്യാപിക |

| മേഖല (ലക്ഷ്യം) | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതീകം | പിന്തുണ |
|---|---|---|---|---|
| **5. മത്സര പരീക്ഷ കൾക്ക് തയ്യാറാക്കൽ** | * ക്ലബ്ബ് രൂപീകരണം<br>* പഠനോകരണം നിർമ്മാണം<br>* കലണ്ടർ നിർമ്മാണം<br>* ഗൃഹസന്ദർശം<br>* പഠനയാത്ര | ജൂൺ-മാർച്ച് | ചാർട്ട് ചിത്രം | റിസോഴ്സ് അധ്യാപിക |
| **6. ആസ്വാദന ലോകം**<br>**ഓരോ കുട്ടിയു ടെയും ആസ്വാദന ശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാ രണം ചെയ്യാനും വേണ്ടി** | * ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു<br>* എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു<br>* മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു<br>* ആസ്വാദനസഭ ചേരുന്നു<br>* ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം | ജൂൺ-മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| **7. പ്രത്യേകം പരി ഗണന അർഹിക്കു ന്നവർക്കായുള്ള പ്രവർത്തനങ്ങൾ** | * പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദ മായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>* പ്രത്യേകം ക്ലാസുകൾ നൽകുന്നു<br>* ഗൃഹസന്ദർശനം നടത്തുന്നു | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോൾസ് അദ്ധ്യാപിക |
| **8. ക്ലാസ്റും ആകർഷകം ആക്കുന്നതിന്** | * പെയിന്റിംഗ്<br>* ലൈബ്രറി ഒരുങ്ങുന്നു<br>* സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു | | | |

## മേഖല - യു. പി. - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) വിവിധശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) സാമൂഹ്യശാസ്ത്രപഠനം | അധികവായനയ്ക്ക് ഉപകരിക്കുന്ന അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ | ആഴ്ചയിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്<br>ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | പ്രകൃതി താണ്ഡവം : നേർക്കാഴ്ച<br>ഭൂക്കമ്പം, സുനാമി, കൊടുങ്കാറ്റ് വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# മേഖല - യു. പി. - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട്,സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി. ടി. എ. |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചു റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | **കാടെവിടെ മക്കളെ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർതടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്രക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്ത് നേടുംവിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവസംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല - യു. പി. - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ | **നിശാഗന്ധി – ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറിതോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി. ടി. എ. |
| | **കണ്ടറിയാനുള്ള യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാടം നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത്ക്ലബ്ബ്, | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസ്സുകൾ ആരംഭിക്കുന്നു. പരീക്ഷകിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളിലൂടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത്ക്ലബ്ബ്, | സയൻസ്ക്ലബ്ബ് |
| 2) ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യക്ലബ്ബ്, ശാസ്ത്രക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടർ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത്ക്ലബ്ബ്, | |
| | **എക്സ്പ്ലോ – എക്സ്പ്ലോർ** ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## മേഖല - യു. പി. - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രീയ വിസ്മയ ചുമർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു.<br>**മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു.<br>**യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം | ശാസ്ത്രധ്യാപകർ<br>ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ്<br>ശാസ്ത്രാധ്യാപകർ | പി. ടി. എ.<br>സയൻസ്ക്ലബ്ബ് |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | **Atal Tinkering Laboralory** പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രയോജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാതെ Fullerine പോലെയുള്ള മൂലകങ്ങളും , അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## മേഖല – യു. പി. – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സംവാദാത്മക അന്തരീക്ഷം സൃഷ്ടിക്കുന്നത് പഠന പ്രശ്നാവതരണത്തിന് പ്രയോജനപ്പെടും | **സംവാദം**<br>ശാസ്ത്ര ക്ലാസുകളിൽ പരീക്ഷണം, നിരീക്ഷണം. പ്രൊജക്റ്റ് തുടങ്ങിയ പ്രവർത്തനങ്ങളുടെ മുന്നോടിയായി ഒരു സംവാദാത്മക അന്തരീക്ഷം സൃഷ്ടിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രധ്യാപകർ | |
| ശാസ്ത്രപഠനത്തിൽ വസ്തുക്കളുടെ നേരിട്ടുള്ള നിരീക്ഷണത്തിന് ശേഖരണങ്ങൾ സഹായിക്കുന്നു | ശാസ്ത്രപഠനത്തിന്റെ ഭാഗമായി വ്യത്യസ്ത വസ്തുക്കൾ ശേഖരിക്കുന്നു. പഠന പ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നു.<br>നിഗമനങ്ങൾ രേഖപ്പെടുത്തുന്നു. | അക്കാദമിക വർഷം | ശാസ്ത്രധ്യാപകർ | |

## മേഖല - യു. പി. - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്, ............................................ഉപയോഗിക്കുന്നു | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവു◌ു◌ം | **ഒറിഗാമി ശിൽപ്പശാല**<br>ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ,<br>പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | ഗണിതക്ലബ്ബ്, പി. ടി. എ. |
| 3) ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിതപാർക്ക്**<br>ജ്യാമതീയ രൂപങ്ങൾക്ക് പ്രധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ് | പി. ടി. എ. |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിതഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ് ലീഡർമാർ | |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ. ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ. ടി. സാധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല - യു. പി. - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിര യിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശ ങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യ മായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8) വിവിധശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധ പ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപ പ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |
| 9) കുട്ടികളിൽ creative thinking വളർത്താൻ | **ഗണിതമൂല**<br>സ്കൂളിന്റെ ഒരു കോർണറിൽ ഗണിതമൂല സജ്ജ മാക്കി ആഴ്ചയിൽ ഓരോ കോണിൽ നല്കുന്നു. ഉത്ത രങ്ങൾ എഴുതി ഇടാൻ ഒരു ബോക്സും വയ്ക്കുന്നു. നറുക്കെടുപ്പിലൂടെ സമ്മാനങ്ങൾ നല്കുന്നു. | ആഴ്ചയിൽ ഒന്ന് | ഗണിത അധ്യാപകർ | |
| 10) കുട്ടികളിൽ ഗണിതത്തിന് താൽപര്യം കൂട്ടുക | **ഗണിതക്വിസ്**<br>കുട്ടികൾക്ക് ഓരോ ദിവസവും ഓരോ ക്വിസ് ചോദ്യ ങ്ങൾ നൽകുന്നുച | മാസത്തിൽ ഒരിക്കൽ | ഗണിത അധ്യാപകർ | |
| | | | | |

## മേഖല - യു. പി. - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ഓർമ്മച്ചെപ്പ്<br>അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory Test സനടത്തുന്നു<br>Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്<br>ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | പ്രകൃതി താണ്ഡവം : നേർക്കാഴ്ച<br>ഭൂക്കമ്പം, സുനാമി, കൊടുങ്കാറ്റ് വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |